## പതിമൂന്നാം കേരള നിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 4165 18.10.2011-ൽ മറുപടിയ്ക്ക്

## <u>വിനോദസഞ്ചാരമേഖലയിലെ തൊഴിൽ സാദ്ധ്യതകൾ</u>

| *ചോദ്യം* | *ഉത്തരം* |
|---|---|
| **ശ്രീ.കെ. അച്ചുതൻ<br>" എ.റ്റി. ജോർജ്<br>" ഐ.സി. ബാലകൃഷ്ണൻ<br>" ലൂഡി ലൂയിസ്** | **ശ്രീ.എ.പി.അനിൽകുമാർ<br>(പട്ടികജാതി- പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പു മന്ത്രി)** |
| (എ) വിനോദസഞ്ചാര മേഖലയിൽ പരിശീലനം നേടിയവരുടെ കുറവ് നിലനിൽക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) ഉണ്ട്. |
| (ബി) എങ്കിൽ ഇതു പരിഹരിക്കാൻ എന്തെല്ലാം നടപടികളാണ് കൈക്കൊള്ളാനുദ്ദേശിക്കുന്നത്; | (ബി) ഹോട്ടൽ മേഖലയിൽ ഫ്രണ്ട് ഓഫീസ്, ഹൗസ്കീപ്പിംഗ്, ഫുഡ് ആന്റ് ബിവറേജ് സർവീസ് തുടങ്ങിയ രംഗങ്ങളിൽ പ്രവർത്തിക്കുന്നവർക്ക് ടൂറിസം വകുപ്പിന്റെ സഹായത്തോടെ പരിശീലനം നൽകിയിട്ടുണ്ട്. ഇതോടൊപ്പം ടാക്സി, ആട്ടോ ഡ്രൈവർമാർ, ലൈഫ് ഗാർഡുകൾ, ടൂറിസം പോലീസ് തുടങ്ങിയവർക്കും പരിശീലനം നൽകി വരുന്നു. ഈ മേഖലയിൽ പ്രവർത്തിക്കുന്ന എല്ലാവർക്കും പരിശീലനം നൽകാനുള്ള സമഗ്ര പദ്ധതി തയ്യാറാക്കി വരുന്നു. |

| | | | |
|---|---|---|---|
| (സി) | ഓരോ വർഷവും ഈ മേഖലയിൽ എത്ര ഒഴിവുകളാണുണ്ടാകുന്നത്; പുതുതായി വരുന്നവരുടെ എണ്ണം കണക്കാക്കിയിട്ടുണ്ടോ;വിശദാംശങ്ങൾ നൽകുമോ; | (സി) | അനുദിനം വികസിച്ചു കൊണ്ടിരിക്കുന്ന ഈ മേഖലയിലെ തൊഴിലവസരങ്ങൾ കൃത്യമായി ഇതുവരെ കണക്കാക്കിയിട്ടില്ല. |
| (ഡി) | വിനോദ സഞ്ചാര തൊഴിൽ മേഖലയിലേക്ക് കൂടുതൽപേരെ ആകർഷിക്കത്തക്കവിധം ഒരു പ്രത്യേക പദ്ധതി കിറ്റ്സിന്റെ നേതൃത്തിൽ തയ്യാറാക്കാൻ തയ്യാറാകുമോ? | (ഡി) | ഇക്കാര്യം പരിശോധിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ